**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 327** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്മാർട്ട് ട്രാഫിക് മാനേജ്മെന്റ് സംവിധാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് നഗരത്തിൽ ട്രാഫിക് നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനായി ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കോഴിക്കോട് ജില്ലയിൽ ട്രാഫിക് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ട്രാഫിക് സംവിധാനത്തെ GO (P) No. 5/2025/Home dated 07/01/2025 (Traffic Enforcement Unit North, Traffic Enforcement Unit South) എന്നിങ്ങനെ പുന:സംഘടിപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് സിറ്റിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റിനായി രണ്ട് അസിസ്റ്റന്റ് കമ്മീഷണർമാരുടെ മേൽനോട്ടത്തിൽ ഒരു ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രവർത്തിച്ച വരുന്നു. നഗര പരിധിയിൽ ഗതാഗതം സുഗമമാക്കുന്നതിനായി പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചിട്ടുള്ളതും നിലവിൽ അറുപതോളം പോയിന്റുകളിൽ ട്രാഫിക് നിയന്ത്രണത്തിനായി പോലീസ് സേനാംഗങ്ങളെ നിയോഗിച്ചിട്ടുള്ളതും സെക്ടർ മൊബൈൽ വാഹനങ്ങളിലും ബൈക്ക് പട്രോളിംഗ് വാഹനങ്ങളിലുമായി പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഹൈവേയിൽ പട്രോളിംഗ് നടത്തി ഗതാഗതം സുഗമമാക്കുന്നതിനും നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെയും അമിതവേഗതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ഹൈവേ പട്രോളിംഗ്, ഇന്റർസെപ്റ്റർ പട്രോളിംഗ് പാർട്ടികളെ നിയോഗിച്ചിട്ടുള്ളതാണ്. തിരക്കുള്ള സമയങ്ങളിൽ സ്റ്റേഷൻ മൊബൈൽ പട്രോൾ വാഹനങ്ങളെയും സി.ആർ.വി വാഹനങ്ങളെയും ട്രാഫിക് നിയന്ത്രണത്തിനായി നിയോഗിച്ചുവരുന്നു. കാൽ നടയാത്രക്കാരുടെയും മറ്റുള്ള യാത്രക്കാരുടെയും സുരക്ഷക്കായി സീബ്രാ ലൈനുകളും സിഗ്നൽ ബോർഡുകളും ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. മദ്യപിച്ച് വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെയും അശ്രദ്ധമായും അമിത വേഗതയിലും ട്രാഫിക് നിയമങ്ങൾ അനുസരിക്കാതെ വാഹനം ഓടിക്കുന്നവർക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്യുകയും ഫൈനുകൾ ഈടാക്കുകയും ട്രാഫിക് ബോധവത്കരണ ക്ലാസ്സുകൾ നൽകുകയും ചെയ്തുവരുന്നു.

**(ബി)** കോഴിക്കോട് നഗരത്തിലെ പ്രധാന ജംഗ്ഷനുകളിൽ സ്മാർട്ട് ട്രാഫിക് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** ശിപാർശ നിലവിൽ ഇല്ല.

**(സി)** കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**മറുപടി:** കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ യു.പി തലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള സ്കൂളുകളിൽ കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും ലഹരിക്കെതിരായ സർക്കാരിന്റെ സുസ്ഥിര പ്രതിരോധ പദ്ധതിയായ 'ഓപ്പറേഷൻ ഡി ഹണ്ട്' ന്റെ പ്രവർത്തനങ്ങൾക്ക് പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുമായുള്ള ബോധവൽക്കരണ പരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. സ്റ്റേഷൻ തലങ്ങളിൽ ജനമൈത്രി സുരക്ഷാ സമിതികൾ രൂപീകരിക്കുകയും സമയാസമയങ്ങളിൽ ടി സുരക്ഷാ സമിതി യോഗം വിളിച്ച് ചേർക്കുകയും ചെയ്യുന്നുണ്ട്. പൊതുജന സഹകരണത്തോടെ പൊതുസ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകളും തെരുവ് വിളക്കുകളും സ്ഥാപിക്കുന്നതിനായി സോഷ്യൽ പോലീസിന്റെ ഭാഗമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിവിധ കച്ചവട സ്ഥാപനങ്ങളിലെ ഉത്തരവാദിത്തപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്ത് സുരക്ഷാകാര്യങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ചും ഡിജിറ്റൽ മേഖലയിൽ അറിഞ്ഞിരിക്കേണ്ട അത്യാവശ്യ കാര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിലും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. റെയിൽ ജാഗ്രതാ സമിതികളും, കടലോര ജാഗ്രതാ സമിതികളും വിളിച്ച് ചേർത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് സ്കൂൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മറ്റും പ്രത്യേകം പ്രത്യേകം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. സ്കൂളുകളിൽ സൈബർ സെക്യൂരിറ്റി ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിപ്പിച്ച് വരികയും സ്റ്റേഷൻ തലങ്ങളിൽ സന്നദ്ധരായ സൈബർ വാളണ്ടിയർമാരെ കണ്ടെത്തുകയും ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് പൊതുസമൂഹത്തിന് സൈബർ മേഖലയിലുള്ള അറിവ് പകർന്ന നൽകുന്ന പ്രവർത്തനങ്ങളിൽ സൈബർ വാളണ്ടിയർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ ഭാഗമായി കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ കസബ പോലീസ് സ്റ്റേഷനോട് ചേർന്നുകൊണ്ട് ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററിലൂടെ കുട്ടികൾക്ക് ഡിജിറ്റൽ അഡിക്ഷനുമായി ബന്ധപ്പെട്ട കൗൺസിലിംഗും മറ്റു സേവനങ്ങളും ലഭ്യമാക്കുകയും, പൊതു സമൂഹത്തിന് ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, ലഹരിക്ക് അടിമപ്പെട്ടവരെ ലഹരിവിമുക്ത ചികിത്സയ്ക്ക് വേണ്ട സഹായങ്ങളും ചെയ്തുവരുന്നു. ശിശു സൗഹൃദ പോലീസിംഗിന്റെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും മറ്റും ലഭ്യമാക്കുന്നതിനായി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**(ഡി)** സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി നഗര മേഖലയിൽ സ്ഥാപിച്ചിട്ടുള്ള സുരക്ഷാ സംവിധാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; നഗരത്തിൽ തകരാറിലായിട്ടുള്ള സി.സി.ടി.വി. സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** കോഴിക്കോട് സിറ്റിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്ത്രീകൾ കൂടുതൽ ജോലി സംബന്ധമായി എത്തിച്ചേരുന്ന ഇടങ്ങളിലും ആരോഗ്യ മേഖലകൾ, ഐടി മേഖലകൾ എന്നിവ കേന്ദ്രീകരിച്ചും ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലും പിങ്ക് പോലീസ്, മൊബൈൽ കൺട്രോൾ റൂം വാഹനങ്ങൾ, സ്റ്റേഷൻ മൊബൈൽ എന്നിവ പ്രത്യേകിച്ചും രാത്രി കാലങ്ങളിൽ ശക്തമായ പട്രോളിംഗ് നടത്തിവരുന്നുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക സുരക്ഷാ മുൻകരുതൽ എന്ന നിലയ്ക്ക് ബോധവൽക്കരണ

ക്ലാസുകളും, സ്ത്രീ സുരക്ഷയ്ക്കായി അറിഞ്ഞിരിക്കേണ്ടതായ എമർജൻസി ഹെൽപ്പ് ലൈൻ നമ്പറുകളെ കുറിച്ചുള്ള ബോധവൽക്കരണവും, വനിതകളുടെ സുരക്ഷക്കായി ഓരോ പോലീസ് സ്റ്റേഷനുകളിലും വുമൺ സേഫ്റ്റി ഓഫീസറേയും, വനിതാ പോലീസിനേയും നിയമിച്ചിട്ടുണ്ട്. കോഴിക്കോട് സിറ്റിയിൽ സ്ഥാപിച്ചിട്ടുള്ള 64 ക്യാമറകളിൽ 43 എണ്ണം പ്രവർത്തന ക്ഷമമാണ്. ബാക്കിവരുന്ന ക്യാമറകൾ റോഡ് പണിയുമായി ബന്ധപ്പെട്ട് താത്കാലികമായി വിച്ഛേദിച്ചിരിക്കുകയാണ്. റോഡ് വികസന പ്രവർത്തി കഴിയുന്ന മുറക്ക് ആയത് പുനഃസ്ഥാപിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**